(ഇ) ഡിസംബർ 2003 വരെയുള്ള ലേ ഓഫ് വേതനം നൽകിയിട്ടുണ്ട്.

(എഫ് ആന്റ് ജി) പ്രൊഫസർ താമരാക്ഷൻ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്. കേന്ദ്ര സർക്കാരിന്റെ പൊതു മിനിമം പരിപാടിയിലെ നയത്തിലും സംസ്ഥാന സർക്കാരിന്റെ പൊതുമേഖല സംബന്ധിച്ച നയത്തിലും കാതലായ വ്യത്യാസമില്ല.

കശുവണ്ടി കയറ്റുമതി

111 [1293] ശ്രീ. എം. എ. ചന്ദ്രശേഖരൻ:

„ വി. ഡി. സതീശൻ:

„ വർക്കല കഹാർ:

„ ലൂഡി ലൂയിസ്:

„ പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുനിന്നും ഏതെല്ലാം രാജ്യങ്ങളിലേക്കാണ് കശുവണ്ടി കയറ്റുമതി ചെയ്യപ്പെടുന്നത്;

(ബി) കൂടുതൽ രാജ്യങ്ങളിൽ കശുവണ്ടിക്ക് മാർക്കറ്റ് കണ്ടെത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കശുവണ്ടി വികസന കോർപ്പറേഷൻ യു.എസ്.എ., യു.കെ., കാനഡ, ഫ്രാൻസ്, ഇറ്റലി, ഹോളണ്ട്, ആസ്ത്രേലിയ, സിംഗപ്പൂർ, ചില ഗൾഫ് രാജ്യങ്ങൾ എന്നിവിടങ്ങളിലേക്കും കാപ്പെക്സ് അമേരിക്ക, ബ്രിട്ടൻ, നെതർലാന്റ് എന്നീ രാജ്യങ്ങളിലേയ്ക്കും കശുവണ്ടിപ്പരിപ്പ് കയറ്റി അയയ്ക്കുന്നു.

(ബി) പ്രോസസിംഗ് പുനരാരംഭിക്കുന്ന മുറയ്ക്ക് കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ കൂടുതൽ രാജ്യങ്ങളിൽ മാർക്കറ്റ് കണ്ടെത്തുവാൻ ശ്രമിയ്ക്കുന്നതാണ്. ഇക്കാര്യത്തിൽ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ കാപ്പെക്സുമായി ഒരു മീറ്റിംഗ് സംഘടിപ്പിച്ചിരുന്നു. ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ച്ചർ അപ്ഗ്രേഡേഷൻ സ്കീമുമായി ബന്ധപ്പെട്ട് കൊല്ലത്ത് ഒരു കാഷ്യൂ ഇൻഡസ്ട്രിയൽ ക്ളസ്റ്റർ-ഒരു റിസർച്ച് സെന്റർ ഉൾപ്പെടെ തുടങ്ങുന്നതിനുള്ള പ്രൊപ്പോസൽ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന് കാപ്പെക്സ് സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly